**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1244 04-12-2014 -ൽ മറുപടിക്ക്

# പ്രകൃതി ദുരന്ത നിവാരണ സംവിധാനങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. ബെന്നി ബെഹനാൻ**<br>**ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി**<br>**ശ്രീ. സണ്ണി ജോസഫ്**<br>**ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ** | | **ശ്രീ.അടൂർ പ്രകാശ്**<br>**(റവന്യൂവും കയറും വകുപ്പ് മന്ത്രി)** |
| എ) | പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ കാലാവസ്ഥ മുന്നറിയിപ്പ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) | കാലാവസ്ഥ മുന്നറിയിപ്പ് നൽകുന്നതിന് കേന്ദ്ര സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത് കേന്ദ്ര കാലാവസ്ഥ വകുപ്പിനെയാണ്. പ്രസ്തുത അറിയിപ്പുകൾ ദുരന്ത നിവാരണ അതോറിറ്റിയുടെ കൺട്രോൾ റൂം വഴിയും സംസ്ഥാന അടിയന്തിര കാര്യ നിർവ്വഹണ കേന്ദ്രത്തിൽ നിന്നും SMS ആയും e-mail ആയും എല്ലാ ജില്ലാ കളക്ടർമാർക്കും, ആഭ്യന്തര സെക്രട്ടറിക്കും, ചീഫ് സെക്രട്ടറിക്കും, റവന്യൂ സെക്രട്ടറിക്കും ലഭ്യമാക്കുന്നു. |
| ബി) | കേന്ദ്ര ദുരിത നിവാരണ സേനയുടെ സഹായത്താൽ സംസ്ഥാനത്ത് ദുരന്തനിവാരണത്തിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത്; | ബി) | കേന്ദ്ര ദുരന്ത നിവാരണ സേനയുടെ ഒരു സ്ഥിരം സ്റ്റേഷൻ കേരളത്തിൽ സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങൾ കേന്ദ്ര ആഭ്യന്തര മന്ത്രാലയവുമായി ചേർന്ന് നടത്തി വരുന്നു. ഇപ്പോൾ അടിയന്തിരഘട്ടങ്ങളിൽ ആർക്കോണത്തുള്ള സ്ഥിരം സ്റ്റേഷനിൽ നിന്നും സേനയുടെ ടീമിനെ ആവശ്യാനുസരണം വിന്യസിച്ചുവരുന്നു. |
| സി) | ഏതെല്ലാം ദുരന്തങ്ങൾക്കാണ് പ്രസ്തുത സംവിധാനങ്ങൾ പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത്; | സി) | പ്രകൃതി ദുരന്തങ്ങളും മനുഷ്യനിർമ്മിതമായ വലിയ ദുരന്തങ്ങളും ആവശ്യാനുസരണം നേരിടുന്നതിനാണ് പ്രസ്തുത സംവിധാനങ്ങൾ പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. |
| ഡി) | ഇതിനായി എന്തെല്ലം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ഡി) | ദേശീയ ദുരന്ത നിവാരണ സേനയ്ക്ക് കേരളത്തിൽ സ്ഥിരം താവളം ഒരുക്കുവാൻ 1 1/2 ഏക്കർ ഭൂമി ഏറ്റെടുത്ത് കേന്ദ്ര സർക്കാരിന് കൈമാറുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ ലാന്റ് റവന്യൂ കമ്മീഷണർ മുഖേന സമർപ്പിക്കുവാൻ എറണാകുളം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ